**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**Email: ceekinfo.cee@kerala.gov.in**
**Phone : 0471 2525300**

## <u>വിജ്ഞാപനം</u>

### <u>KEAM -2024</u>
### <u>കേരള ആയുർവേദ (BAMS), ഹോമിയോപ്പതി (BHMS), സിദ്ധ (BSMS), യുനാനി (BUMS) എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം</u>

### <u>നാലാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ്- നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനും ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, നാഷണാലിറ്റി എന്നിവയിലെ അപാകതകൾ പരിഹരിക്കുന്നതിനും അവസരം</u>

2024-25 അധ്യയന വർഷം സംസ്ഥാനത്തെ ആയുർവേദ (BAMS), ഹോമിയോപ്പതി (BHMS), സിദ്ധ (BSMS), യുനാനി (BUMS) എന്നീ കോഴ്സുകളിൽ പ്രവേശനത്തിനായി 10.12.2024 വിജ്ഞാപന പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർ പ്പിക്കുകയും, N T A നടത്തിയ നീറ്റ് (യു.ജി) – 2024 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് ( യു.ജി) – 2024 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർ പ്പിക്കുന്നതിന് **15.12.2024, 11.59 PM വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. മുൻ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും മേൽപറഞ്ഞ സൗകര്യം ലഭ്യമാണ്. എന്നാൽ അത്തരം വിദ്യാർത്ഥികളുടെ സ്ട്രേ വേക്കൻസി ഓപ്ഷൻ രജിസ്ട്രേഷൻ ആയുഷ് കോഴ്സുകളിൽ മാത്രമായി പരിമിതപ്പെടുത്തും. ആയുർവേദം, ഹോമിയോപ്പതി, സിദ്ധ,

യുനാനി തുടങ്ങിയ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് നിശ്ചിത സമയത്തിനുള്ളിൽ **NEET UG-2024** ഫലങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. തപാൽ വഴിയോ നേരിട്ടോ സമർപ്പിച്ച രേഖകളോ അപേക്ഷകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**2024-25** അധ്യയന വർഷത്തെ ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് **10.12.2024** ലെ വിജ്ഞാപന പ്രകാരം പുതുതായി ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ്, നാഷണാലിറ്റി എന്നിവയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും അപേക്ഷാ ഫീസ് ഒടുക്കുവാനുണ്ടെങ്കിൽ അവ ഒടുക്കുന്നതിനും അവസരം നൽകുന്നു. വിദ്യാർത്ഥികൾക്ക് **15.12.2024, 11.59 PM** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാവുന്നതാണ്. **'KEAM-2024, Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ/ഫോട്ടോ/ഒപ്പ്എന്നിവ മുകളിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ അപ്‌ലോഡ് ചെയ്യേണ്ടതും ഫീസ് ഒടുക്കുവാനുണ്ടെങ്കിൽ പ്രസ്തുത ഫീസ് ഒടുക്കേണ്ടതുമാണ്. മുൻ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും മേൽ പറഞ്ഞ സൗകര്യം ലഭ്യമാണ്. എന്നാൽ അത്തരം വിദ്യാർത്ഥികളുടെ സ്ട്രേ വേക്കൻസി ഓപ്ഷൻ രജിസ്ട്രേഷൻ ആയുഷ് കോഴ്സുകളിൽ മാത്രമായി പരിമിതപ്പെടുത്തും.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signed by
Sudhir K
Date: 13-12-2024 12:04:04

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**13-12-2024**